# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

(സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ)

(ഹാജർ ശ്രീമതി.അനുപമ.റ്റി.വി.ഐ.എ.എസ്. വനിത ശിശു വികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി,SCPS)

**വിഷയം;-** വനിതാ ശിശു വികസന വകുപ്പ് ഐ.സി.പി.എസ്. ഓ.ആർ.സി. ജില്ലാതലത്തിൽ കരാർ അടിസ്ഥാനത്തിൽ നിയമിതരായിരിക്കുന്ന ജീവനക്കാരുടെ 2019 മേയ് മുതൽ 2020 മേയ് മാസം വരെയുള്ള ശമ്പള കുടിശ്ശിക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം;-1) സർക്കാർ ഉത്തരവ് (കൈ) 32/2017/സ.നീ.വ തീയതി 26/07/2017
2) സ.ഉ.(അച്ചടി) നം.81/2019 ധന. തീയതി 21/07/2018
3) 19.06.2020 ലെ സർക്കാർ ഉത്തരവ് നം.G.O.(Rt)No.241/2020/SJD
4) 11.09.2020 ലെ സർക്കാർ ഉത്തരവ് നം.471/2020/സാ.നീ.വ
5) 05.10.2020 ലെ ആലപ്പുഴ ഡി.സി.പി.ഒ. യുടെ കത്ത് നം.ഡി.സി.പി.യു(എ)/765/19
6) 07.10.2020 ലെ കോഴിക്കോട് ഡി.സി.പി.ഒ.യുടെ കത്ത് നം.ഡി.സി.പി.യു/കെ.കെ.ഡി/1300/21

## ഉത്തരവ് നമ്പർ ICPS 4(C)/1196 (1) /20 തീയതി : 02.11.2020

വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ സംസ്ഥാന ഘടകമായ State Child Protection Society- യിൽ കരാർ അടിസ്ഥാനത്തിലും ദിവസവേതന അടിസ്ഥാനത്തിലും നിയമിച്ചിട്ടുള്ള ജീവനക്കാരുടെ തസ്തികകൾ കാറ്റഗറി തിരിച്ച് ശമ്പളം നിശ്ചയിച്ച് പരാമർശം (1) പ്രകാരവും വേതനം വർദ്ധിപ്പിച്ച് പരാമർശം (2) പ്രകാരവും ഉത്തരവായിട്ടുള്ളതുമാകുന്നു. പരാമർശം (3) പ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമിതരായ ജീവനക്കാർക്ക് വേതനം അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്. പരാമർശം (4) പ്രകാരം ഓ.ആർ.സി. ജീവനക്കാരുടെ സേവനകാലാവധി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ആയതിൻ പ്രകാരം ടി ജീവനക്കാർക്ക് 2019 മേയ് മാസം മുതൽ 2020 മേയ് മാസം വരെയുള്ള ശമ്പള കുടിശ്ശിക അനുവദിക്കേണ്ടതായുണ്ട്. സൂചന (5) പ്രകാരം ആലപ്പുഴ ജില്ലയിൽ വേതനയിനത്തിൽ അനുവദിച്ചിട്ടുള്ള തുകയിൽ നീക്കിയിരിപ്പുള്ള തുകയിൽ നിന്നും ശമ്പള കുടിശ്ശിക അനുവദിക്കുന്നതിനായി ഡി.സി.പി.ഒ. ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിൻ പ്രകാരം ശമ്പളകുടിശ്ശികയായ 50,788/- രൂപ വേതന ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയിൽ നിന്നും അനുവദിക്കാവുന്നതാണ്. സൂചന (6) പ്രകാരം കോഴിക്കോട് ജില്ലയിൽ വേതനയിനത്തിൽ അനുവദിച്ചിട്ടുള്ള തുകയിൽ നീക്കിയിരിപ്പുള്ള തുകയിൽ നിന്നും ശമ്പള കുടിശ്ശിക അനുവദിക്കുന്നതിനായി ഡി.സി.പി.ഒ. ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിൻ ശമ്പള കുടിശ്ശികയായ 27,429/- രൂപ വേതന ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയിൽ നിന്നും അനുവദിക്കാവുന്നതാണ്.

ടി സാഹചര്യത്തിൽ ഓ.ആർ.സി. യുടെ ജില്ലാതല പ്രോജക്ട് അസിസ്റ്റന്റുമാർക്കും, സൈക്കോളജിസ്റ്റുമാർക്കും ശമ്പള കുടിശ്ശിക ഇനത്തിൽ ആകെ **4,17,018/- (നാല് ലക്ഷത്തി പതിനേഴായിരത്തി പതിനെട്ട് രൂപ മാത്രം)** ചുവടെ ചേർക്കും പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | അനുവദിക്കേണ്ട ജില്ല | അനുവദിക്കേണ്ട തുക |
|---|---|---|
| 1 | ജില്ലാ വനിത ശിശു വികസന ഓഫീസർ, പത്തനംതിട്ട | 56,570/- |
| 2 | ജില്ലാ വനിത ശിശു വികസന ഓഫീസർ, ആലപ്പുഴ | Nil |
| 3 | ജില്ലാ വനിത ശിശു വികസന ഓഫീസർ, തൃശ്ശൂർ | 58,457/- |
| 4 | ജില്ലാ വനിത ശിശു വികസന ഓഫീസർ, പാലക്കാട് | 55,044/- |
| 5 | ജില്ലാ വനിത ശിശു വികസന ഓഫീസർ, മലപ്പുറം | 51,184/- |
| 6 | ജില്ലാ വനിത ശിശു വികസന ഓഫീസർ, കോഴിക്കോട് | Nil |
| 7 | ജില്ലാ വനിത ശിശു വികസന ഓഫീസർ, വയനാട് | 78,391/- |
| 8 | ജില്ലാ വനിത ശിശു വികസന ഓഫീസർ, കണ്ണൂർ | 55,911/- |
| 9 | ജില്ലാ വനിത ശിശു വികസന ഓഫീസർ കാസർകോഡ് | 61,461/- |
| **ആകെ തുക** | | **4,17,018/-** |

മേൽപട്ടിക പ്രകാരമുള്ള തുകകൾ ഓ.ആർ.സി യുടെ ശീർഷകമായ **2235 – 02 – 102 - 36 (P) 01** ലെ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് എന്ന കംപോണന്റിൽ നിന്നും ആകെ **4,17,018/- ( നാല് ലക്ഷത്തി പതിനേഴായിരത്തി പതിനെട്ട് രൂപ മാത്രം)** അതാതു വനിത ശിശു വികസന ഓഫീസർ മുഖാന്തിരം അതാതു ഡി.സി.പി.ഒ. മാർക്ക് അലോട്ട്മെന്റായി അനുവദിക്കേണ്ടതാണ്.

ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ അതത് ജില്ലകളിലെ ഓ.ആർ.സി. പ്രോജക്ട് അസിസ്റ്റന്റ്മാർ, സൈക്കോളജിസ്റ്റ് എന്നിവർക്ക് ശമ്പള കുടിശ്ശിക അനുവദിക്കേണ്ടതും ടി തുകയുടെ കൈപ്പറ്റ് രസീത്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ധനവിനിയോഗ സർട്ടിഫിക്കറ്റ് തുടങ്ങിയവ ഇക്കാര്യാലയത്തിലേയ്ക്ക് അയച്ചു തരേണ്ടതുമാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി, SCPS**

പകർപ്പ്:

1. **ജില്ലാ വനിത ശിശു വികസന ഓഫീസർമാർ (പത്തനംതിട്ട, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോഡ്)**
2. **ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ (പത്തനംതിട്ട, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോഡ്)**
3. **സൂപ്രണ്ട് എ സെഷൻ, വനിത ശിശു വികസന ഡയറക്ടറേറ്റ്,**
4. ICPS 4
5. സ്റ്റോക്ക്ഫയൽ

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**